**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1645** **08-02-2023 - ൽ മറുപടിയ്ക്ക്**

**മുണ്ടേരി അഗ്രി ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മുണ്ടേരി അഗ്രി ഫാമിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; അഗ്രി ഫാം ആരംഭിക്കുവാൻ നേരിടുന്ന കാലതാമസം വ്യക്തമാക്കുമോ; അഗ്രി ഫാം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | (എ) | 'മുണ്ടേരി അഗ്രി ഫാം' എന്ന പദ്ധതി നിർദേശത്തിൽ മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനു വേണ്ട നിർദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഒരു കോടി രൂപ അടങ്കൽ തുകയുള്ള ടി പദ്ധതിയിൽ കൃഷിവകുപ്പിന്റെ വിഹിതമായി 40 ലക്ഷം രൂപയും മൃഗ സംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, കൃഷി എഞ്ചിനീയറിങ് എന്നീ വകുപ്പുകളുടെ വിഹിതമായി 60 ലക്ഷം രൂപയും ആണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 2021-22 ലെ കൃഷിവകുപ്പിന്റെ ബജറ്റിൽ പ്രത്യേകമായി തുക ഉൾക്കൊള്ളിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മുണ്ടേരി അഗ്രി ഫാം പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ വിള വികസന ഘടകങ്ങൾ, 2022-23 സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ കാർഷിക വികസന പദ്ധതികളിലും, അടിസ്ഥാന സൗകര്യ വികസനം, യന്ത്രവത്കരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രോജക്ടുകളിലും ഉൾപ്പെടുത്തി നടപ്പിലാക്കുവാനുള്ള നിർദ്ദേശം കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിരുന്നു. കൃഷിയിടാസൂത്രണ (Farm Plan) വികസന സമീപനത്തിന്റെ ഭാഗമായുള്ള സംയോജിത ബഹുവിള കൃഷി സമ്പ്രദായത്തിലൂടെ കൃഷി അനുബന്ധ മേഖലകളെയും ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.<br><br>കൂടാതെ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ ഭാഗമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ കൃഷി ഡയറക്ടർക്ക് സർക്കാർ തലത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്. |

മുണ്ടേരി അഗ്രി ഫാം പ്രൊജക്റ്റുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മുണ്ടേരി അഗ്രി ഫാം 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 21 പ്രകാരം 72 മെമ്പർമാരെ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
2. പ്രസ്തുത പദ്ധതിയ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്ക് മുണ്ടേരി ഗ്രാമപഞ്ചായത്ത് ജലസേചനവകുപ്പിന്റെ ഉടമസ്ഥതയിലുള്ള 2 ഏക്കർ ഭൂമി വിട്ടുകിട്ടുന്നതിനായി സർക്കാർ തലത്തിൽ നടപടി കൈക്കൊണ്ടു വരുന്നു.
3. പരിസ്ഥിതി ദിനത്തിൽ പഞ്ചായത്തിൽ വിതരണം ചെയ്യുന്നതിനുള്ള 2000 വൃക്ഷതൈകൾ ഉൽപാദിപ്പിച്ചു നൽകിയിട്ടുണ്ട്.
4. ഒന്നാം വിള നെൽകൃഷി 1 ഹെക്ടർ തരിശ് കൃഷി ഇറക്കിയിട്ടുണ്ട്.
5. രണ്ടാം വിളയ്ക്ക് 10 ഏക്കർ തരിശ് വയൽ കൃഷിയോഗ്യമാക്കുന്നതിനു നിലം ഒരുക്കിയിട്ടുണ്ട്.

- മുണ്ടേരി അഗ്രി ഫാം പദ്ധതി നടപ്പിലാക്കുന്നതിന് സ്വന്തമായി സ്ഥലമില്ല എന്നതാണ് നേരിടുന്ന പ്രധാന പ്രശ്നം. ആവശ്യമായ സ്ഥലവും പ്രത്യേകമായി ഫണ്ടും ലഭ്യമാകുന്നതോടെ മുണ്ടേരി അഗ്രി ഫാം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനാവുന്നതാണ്.

സെക്ഷൻ ഓഫീസർ